

# GUPS VETTECODE

## ACADEMIC MASTER PLAN

## 2025-26



| SI:NO | CONTENTS | Page :No |
| --- | --- | --- |
| | LP | |
| 1 | Std 1 | 6-12 |
| 2 | Std 2 | 13-20 |
| 3 | Std 3 | 21-27 |
| 4 | Std 4 | 29-33 |
| | UP | |
| 6 | Malayalam | 35-36 |
| 7 | Arabic | 37 |
| 8 | Hindi | 36-40 |
| 9 | English | 41-44 |
| 10 | Basic Science | 52-55 |
| 11 | Social Science | 56 |
| 12 | Mathematics | 57 |
| 13 | Urdu | 45-51 |
| | | |
| | | |

# ജി യു പി എസ് വേട്ടേക്കോട് - ചരിത്രവും വർത്തമാനവും

മഞ്ചേരി നഗരത്തിൽ നിന്നും മൂന്നു കിലോമീറ്റർ മാറിയാണ് വേട്ടേക്കോട് എന്ന മനോഹര ഗ്രാമം. നഗരത്തിൽ നിന്നും കുന്നുകയറി എത്തുന്ന ഉയർന്ന പ്രദേശത്തുള്ള വേട്ടേക്കോട് അങ്ങാടിയുടെ സമീപത്താണ് വേട്ടേക്കോട് ഗവൺമെൻറ് യു.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്.

1947 ലാണ് ഇത് സ്ഥാപിതമായത്. വേട്ടേക്കോടിന്റെ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പുതിയ ഏടുകൾ തുന്നിച്ചേർത്തുകൊണ്ട് 75 വർഷം പിന്നിട്ടിരിക്കുകയാണ് ഈ സ്ഥാപനം.

ശ്രീ പുലിക്കോട്ടിൽ അച്യുതൻ നായരുടെ വാടക കെട്ടിടത്തിലാണ് ഇത് പ്രവർത്തിച്ചു തുടങ്ങിയത്. പിന്നീട് മഞ്ചേരി കോവിലകത്തെ മാനവല്ലഭൻ തിരുമുൽപ്പാട് സ്കൂളിന് സ്ഥലം നൽകി.

1950 കളിൽ രണ്ട് അധ്യാപകരാണ് ഇവിടെ ഉണ്ടായിരുന്നത്. 1957 ൽ കെ നാരായണൻ എമ്പ്രാന്തിരി പ്രധാന അധ്യാപകനായി വന്നു. എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണം നൽകുക എന്ന മാതൃകാപരമായ പ്രവർത്തനം അദ്ദേഹവും നാട്ടുകാരും ചേർന്ന് ആരംഭിച്ചു.1970 ആയപ്പോഴേക്കും അറബി പഠനസൗകര്യം നിലവിൽ വന്നു. 1970 നു ശേഷം പുതിയ കെട്ടിടങ്ങൾ നിലവിൽ വന്നു 1983 ആയപ്പോഴേക്കും 5 ക്ലാസ് അധ്യാപകരും ഒരു അറബി അധ്യാപകനും ഒരു പാർട്ട് ടൈം ജോലിക്കാരിയും ഉള്ള വിദ്യാലയമായി ഇത് മാറി.

2015 ജൂണിൽ നമ്മുടെ സ്കൂൾ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തപ്പെട്ടു. ഇപ്പോൾ നാലാം തരം ഒഴിച്ച് എല്ലാ ക്ലാസുകളിലും രണ്ട് ഡിവിഷൻ വിതമുണ്ട്. എൽ.പി.യു.പി. പ്രീപ്രൈമറി ക്ലാസുകളിലായി 350ൽ അധികം കുട്ടികൾ പഠിക്കുന്നു. ഹെഡ്മാസ്റ്റർ ഉൾപ്പെടെ 12 സ്ഥിരാധ്യാപകരും 5 താൽക്കാലിക അധ്യാപകരും ഒരു ഓഫീസ്

അസിസ്റ്റന്റും ഒരു പി.ടി.സി.എമ്മും ജോലി ചെയ്യുന്നു. അധ്യാപകരുടെയും ജീവനക്കാരുടെയും ആത്മാർഥമായ ശ്രമങ്ങൾ ഈ വിദ്യാലയത്തെ പുരോഗതിയിലേക്ക് നയിക്കുന്നു

m 6

2015ൽ തന്നെ അഡ്വ. ശ്രീ. എം. ഉമ്മർ എംഎൽഎയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മൂന്ന് കാസ് മുറികളും എസ്എസ്എ ഫണ്ട് ഉപയോഗിച്ച് ഒരു ക്ലാസ് മുറിയും നിർമ്മിച്ചിരുന്നു. എട്ടു ക്ലാസ് റൂമുകൾ ഉള്ള രണ്ട് നില കെട്ടിടം 2020 ൽ ഉദ്ഘാടനം ചെയ്തു.

ബഹുമാന്യനായ ശ്രീ പി.കെ കുഞ്ഞാലിക്കുട്ടി എം പിയുടെ 2017 വർഷത്തെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ഒരു ബസ്സ് അനുവദിച്ചതോടെ കുട്ടികളുടെ യാത്രാ പ്രശ്നത്തിനും ഒരു പരിധി വരെ പരിഹാരമായി. മികച്ച പഠനനിലവാരം പുലർത്തുന്ന ഈ സ്കൂളിലെ കുട്ടികൾ പഠനാനുബന്ധ പ്രവർത്തനങ്ങളിലും മികവ് തെളിയിച്ചു കഴിഞ്ഞ അധ്യയന വർഷം 5 യുഎസ്എസ്സും 2 എൽഎസ്.എസ്സും ലഭ്യമായി.കഴിഞ്ഞ വർഷം സബ്ജില്ലാ കായികമേളയിൽ യുപി വിഭാഗം ഓവറാൾ രണ്ടാം സ്ഥാനം നേടി.ഫുട്ബോൾ ക്യാമ്പ് കരാട്ടെ ക്ലാസ് എന്നിവ മുടക്കം ഇല്ലാതെ നടന്നുവരുന്നു.

സ്കൂളിന് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിൽ പിടിഎ വലിയ പങ്ക് വഹിക്കുന്നു.സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. എങ്കിലും എല്ലാ സംരംഭങ്ങളിലും പിടിഎയും രക്ഷിതാക്കളും നാട്ടുകാരും ഒറ്റക്കെട്ടായി പ്രവർത്തിക്കുന്നു. എല്ലാ പരിപാടികളിലും സാന്നിധ്യം അറിയിച്ചുകൊണ്ടും കായികമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു കൊണ്ടുമുള്ള ഇവരുടെ സേവന രീതി എല്ലാവർക്കും മാതൃക നൽകുന്നതാണ്.

മഞ്ചേരി നഗരസഭയും മഞ്ചേരി നിയോജകമണ്ഡലം എംഎൽഎമാരും എസ് എസ് എ യും എല്ലാ കാലത്തും ഈ സ്ഥാപനത്ത വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിൽ ശ്രദ്ധേയമായ പങ്കുവഹിച്ചിട്ടുണ്ട്.

ചെറിയ ഗ്രൗണ്ട്. ചുറ്റും തണൽ മരങ്ങൾ, ജൈവവൈവിധ്യ ഉദ്യാനം= അടുക്കളത്തോട്ടം, കുട്ടികൾക്ക് വിശ്രമിക്കാൻ ആവശ്യമായ കോൺക്രീക്ക

Register

ബെഞ്ചുകൾ ചുറ്റുമതിൽ എന്നിവയാൽ മനോഹരമായ സ്കൂൾ കോമ്പൗണ്ട് നഗരസഭയുടെ ഫണ്ട് ഉപയോഗിച്ച് അടുക്കളയും പരിസരവും മനോഹരമാക്കി മാറ്റിയിരിക്കുന്നു കുട്ടികൾക്ക് കളിക്കാൻ ആവശ്യമായചിൽഡ്രൻസ് പാർക്കും സ്കൂളിന്റെ പ്രത്യേകതയാണ് വൈദ്യുതീകരിക്കാൻ ബാക്കിയുണ്ടായിരുന്ന രണ്ട് ക്ലാസ് റൂമുകൾ എസ് എസ് എ ഫണ്ട് ഉപയോഗിച്ച് ഈ വർഷം വൈദ്യുതീകരിച്ചു. എല്ലാ ക്ലാസ്സിലും ലൈറ്റും ഫാനും ക്രമീകരിച്ചിട്ടുണ്ട്. എസ് എസ് എ ഫണ്ട് ഉപയോഗിച്ച് നവീകരിച്ചതോടെ പബ്ലിക് അഡ്രസ് സിസ്റ്റം എല്ലാ ക്ലാസിലും ലഭ്യമാണ്.

സ്കൂളിൽ നിലവിലുള്ള കുട്ടികൾക്ക് ആവശ്യമായ ക്ലാസ്സ് മുറികൾ, കമ്പ്യൂട്ടർ ലാബ്. സയൻസ് ലാബ്, ലൈബ്രറി, ഡൈനിങ് ഹാൾ എന്നിവ സജ്ജമാണ്.

ഏതാനും ക്ലാസ് റൂമുകളും സ്റ്റാഫ് റൂമും ടൈയിലിട്ട് മനോഹരമാക്കേണ്ടതുണ്ട്. കമ്പ്യൂട്ടർ ലാബ് നവികരികരിക്കണം.ക്ലാസ് റൂമുകൾ ഇനിയും ഹൈടെക് ആക്കി മാറ്റേണ്ടതുണ്ട്. സ്കൂൾ കോമ്പൗണ്ടിന് പുറത്ത് സ്കൂളിനായി ഒരു ഗ്രൗണ്ട് സജ്ജമാക്കുന്നതിനുള്ള ശ്രമത്തിലാണ് നാട്ടുകാർ. വിശാലമായ ഒരു ഗ്രൗണ്ട്. കൂടുതൽ നവികരിച്ച കമ്പ്യൂട്ടർ ലാബ്,കുട്ടികളെ വരവേൽക്കാനായി നാലു പുതിയ ക്ലാസ് റൂമുകൾ മുതലായവ എല്ലാം നമ്മുടെ പൂവണിയാനുള്ള സ്വപ്നങ്ങളാണ് അതിനുവേണ്ടിയുള്ള ശക്തമായ പരിശ്രമത്തിലാണ് അധ്യാപകരും രക്ഷിതാക്കളും നാട്ടുകാരും.

# അക്കാദമിക് മാസ്റ്റർ പ്ലാൻ ക്ലാസ്-1

## വിഷയം : മലയാളം

### ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളേയും എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക.
* ലളിതമായ ബാല സാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതാനുള്ള കഴിവ് നേടുക.
* പലതരത്തിലുള്ള പതിപ്പുകൾ രൂപപെടുത്തിയെടുക്കുന്നു.
* പത്രം തയ്യാറാക്കുന്നു.
* സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| വായന | * ആദ്യഘട്ടം ടീച്ചർ വായന<br>* സംയുക്ത വായന<br>രക്ഷിതാവിന്റെ സഹായത്താൽ...<br>ലൈബ്രറി പുസ്തകങ്ങഘൾ വീട്ടിൽ കൊടുത്തു വിടുന്നു.<br>* സ്വതന്ത്രവായന..<br>രൂപീകരണ പാഠങ്ങൾ<br>വായനാ കാർഡുകൾ | ജൂൺ 20 മുതൽ | ടീച്ചർ<br>രക്ഷിതാവ് കുട്ടി<br>കുട്ടി | |

| | | | | |
|---|---|---|---|---|
| **ലേഖനം** | ചിത്രവായന: വിവിധതരം ചിത്രങ്ങൾ<br>കാണിച്ച് വായനക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.<br>വായനമൂല ഒരുക്കൽ .<br>വായനക്കാർഡ് തയ്യാറാക്കൽ<br>കഥോത്സവം : കേട്ട കഥ അവതരണം<br><br>* സംയുക്ത ഡയറി:<br>ആദ്യം കുട്ടിയും അമ്മയും ചേർന്ന് ഡയറി എഴുതുന്നു<br>രണ്ടാം ഘട്ടം കുട്ടി സ്വതന്ത്രമായി എഴുതുന്നു<br><br>* രചനോത്സവം.<br>1. ചിത്രം നിരീക്ഷിച്ച് അടിക്കുറിപ്പ് എഴുതുന്നു<br>2. ചെറുവാക്യങ്ങളിലേക്കും വിവരണങ്ങളിലേക്കും കഥയിലേക്കും<br><br>* ആവർത്തിച്ചു വരുന്ന അക്ഷരം കണ്ടെത്തി ആ അക്ഷരം എഴുതുന്നു.<br>* ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തി എഴുതുന്നു.<br>സാങ്കൽപിക ഡയറി എഴുതുന്നു<br><br>* നൽകിയ ചിത്രത്തിൽ നിന്ന് കഥ ഉണ്ടാക്കുന്നു.<br><br>* സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു<br><br>* റീഡേഴ്സ് തിയ്യറ്റർ | **മാസം – 1**<br><br>**ജൂലൈ 15 മുതൽ**<br><br>**ഡിസംബർ മുതൽ**<br><br>**ഒക്ടോബർ മുതൽ**<br><br>**ഡിസംബർ മുതൽ**<br>CPTA<br>**കളിൽ** | **ടീച്ചർ**<br>**കുട്ടി**<br><br>**രക്ഷിതാവ്**<br>**കുട്ടി**<br><br>**കുട്ടി**<br><br>**കുട്ടികൾ** | |

| | | | | |
|---|---|---|---|---|
| | * പാട്ടുത്സവം | **ജൂൺ മുതൽ മാസം - 1** | **ടീച്ചർ കുട്ടി** | |
| | * വായനോത്സവം<br>ജൂൺ 19 ന് തുടങ്ങി പഠനോത്സവം വരെ നീളുന്നതാവണം | **ജൂൺ 19 മുതൽ** | **ടീച്ചർ കുട്ടി** | |
| | * പഠനോത്സവം | **ഡിസംബർ** | **കുട്ടി** | |
| | * CPTA (ആദ്യ CPTA) | **മെയ് 25 നും 30 നും ന ഇടയിൽ മാസം - 1** | | |

## ഗണിതം

* * ഒന്നുമുതൽ 100 വരെ എഴുതാനും വായിക്കാനും അറിയുന്നു.
* * 1 മുതൽ 20 വരെയുള്ള സംഖ്യകളുടെ വ്യാഖ്യാനം അറിയുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | * നിർമ്മാണ ശിൽപ്പശാല & CPTA | ജൂൺ മുതൽ<br>10 എണ്ണം<br>ജൂൺ മുതൽ | | |
| | * ക്ലാസ്സിൽ ഒരു വളരുന്ന ഗണിത മൂല<br>* എന്റെ വളരുന്ന മഞ്ചാടി സഞ്ചി എല്ലാവർക്കും | " | | |
| | * കളിയിലെ കാര്യം<br>ഗണിതാശയങ്ങൾ ഉറപ്പിക്കാൻ ക്ലാസിൽ കളിക്കുന്ന വിവിധ കളികൾ നിർദ്ദേശാനുസരണം അമ്മമാരുടെ സഹയത്താൽ വീട്ടിൽ കളിക്കുന്നു. | ജൂൺ മുതൽ | | |
| സംഖ്യാ ബോധം | സംഖ്യകൾ തിരിച്ചറിയൽ<br>സംഖ്യകൾ തിരിച്ചറിഞ്ഞ് പറയൽ<br>സംഖ്യകാർഡ് നിർമ്മിക്കൽ. | ജൂൺ<br>15 മുതൽ | അധ്യാപകർ<br>രക്ഷിതാക്കൾ | |
| ഗണിത കിറ്റ് | മഞ്ചാടി സഞ്ചി. . . | " | കുട്ടി<br>രക്ഷിതാവ് | |

| | | | | |
|---|---|---|---|---|
| **കളികളും നിർമ്മാണ പ്രവർത്തന ങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ** | * ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br><br>* ഗണിത ക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ<br><br>* ഗണിത മാഗസിൻ<br><br>ഗണിത പ്രദർശനം അവസാന CPTA യിൽ (പഠനോത്സവത്തിൽ പ്രദർശനം) | **സെപ്തംബർ**<br><br>**മാസം–1**<br><br>**ജൂൺ – മാർച്ച്**<br><br>**മാർച്ച്** | **ടീച്ചർ**<br><br>**കുട്ടി ടീച്ചർ** | |

# ENGLISH

Aim : To Speak, Read, and Write English without any mistakes.

| Aim | Activities | Month | Support | Sourse |
|---|---|---|---|---|
| Skills | To devolve listening skill and reading skill<br>* Description, growing Sentences, Picture reading, riddles, quit | June<br>July | Teacher & Parent | |
| Reading Skills | Find rhyming words<br>* Find words from reading materials, Describing words from text book activities. | August | Student | |
| Writing Skills | Make word web - Picture description<br>* Word Chain<br>* Story telling<br>* Conversation | From September to March | ,, | |

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം | * പക്ഷികളുടെ ചിത്രം<br>* ചെടികൾ<br>* വാഹനങ്ങൾ | ജൂൺ മുതൽ | ടീച്ചർ കുട്ടി | |
| വർഗ്ഗീകരണം | * നിറം<br>* ഇതൾ<br>* മണം | " | | |
| ആശയ വിനിമയം | വർഗ്ഗകരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയവ പരസ്പരം കൈമാറൽ | | | |
| നിഗമനം | കൃത്യമായ നിഗമനത്തിൽ എത്തൽ | | | |
| പരീക്ഷ ണത്തിൽ ഏർപ്പെടൽ | ജലം,സസ്യം എന്നിവ ഉപയോഗിച്ച് പരീക്ഷണത്തിൽ ഏർപ്പെടൽ | " | | |

അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം std 2

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

🌾🌾🌾🌾🌾🌾

✨ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

✨ ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

✨ ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

✨ വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

✨ ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

✨ ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം

🌾🌾🌾🌾🌾

✨ പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

✨ കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

🌷🌷🌷🌷🌷🌷🌷🌷

🐥 രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ജൂൺ✨

🐥 ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

🐥ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

.🐥 വായനാ സാമഗ്രികൾ നിർമിക്കൽ

🐥 വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

✨ ജൂലൈ✨

🐥 ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

🐥 ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

🐥 സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്ത്

🐥 ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

🐥 രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

🐥 വീട്ടു ലൈബ്രറി ഒരുക്കൽ

🐥 ചിത്ര വിവരണം

🐥 വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

🌾🌾🌾🌾

🐥 വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

🐥 വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

🐥 വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

🌟 വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

ഒക്ടോബർ

✨✨✨✨✨

💐 കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

💐 വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ:- ആന

വലിയ ആന

കറുത്ത വലിയ ആന

നവംബർ

✨✨✨

🌾 കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

✨✨✨✨

✨ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

✨ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

✨✨✨✨

✨ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)

✨ ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

🌾🌾🌾🌾

✨ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )

✨ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

🌼🌼🌼

🍁 വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.

🍁 ഇൻലന്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ

🍁 ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

🍁 വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

🍁 ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

🍁🍁🍁🍁🍁🍁🍁🍁🍁

Academic master plan

English

Aim . : To speak, Read, & write English without any mistakes

Time - June ,July, August

June

Pretest

To develop listening skills & reading skills first

Listening skills

Games, Action songs Hello English activities,2 conversations, skit stories

Use ICT

Speaking skills

Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc

July & August

Reading skills

News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

Writing skills

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

അക്കാദമിക മാസ്റ്റർ പ്ലാൻ

ഗണിതം Std 2

ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

🍁പ്രവർത്തന ലക്ഷ്യങ്ങൾ

🌻 രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

🌻സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.

🌻 ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

🌻 ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)

🌻 ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ

🌻 പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മുന്നൊരുക്കം

🌻ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

🌻 പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ

🌻1, 2, 3, 4 ......

1,3,5,7....

10,20,30,40,....

5,10,15,20....

2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

🌻 ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

🌻 ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

🌻 ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

🌻പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5 = 10, 10+10= 20)

ആഗസ്റ്റ്

🌻 വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

🌻 സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നതാണ് 100

🌻 ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

🌻 ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ

🌻 വിലവിവരപട്ടിക തയ്യാറാക്കൽ

🌻 ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ

ഉറപ്പിക്കുന്നു.

ഒക്ടോബർ

🌻 രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

🌻 സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

🌻സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10.... 15.... 20... 25

(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ

🌻സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

🌻 പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ

🌻 "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

🌻 നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ

നോട്ട് നാണയം

ഡിസംബർ

🌻സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.

🌻സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)

🌻 രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

🌻 വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ

പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

🌻 സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

🌻 ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ

🌻 ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്

.

🌻 കലണ്ടർ പതിപ്പ് തയ്യാറാക്കൽ

🌻 കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

🌻 കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ

🌻 കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.

🌻 ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

– [illegible] കുട്ടികൾക്ക് ആവശ്യമായ [illegible]
ഉൾ [illegible] പ്രവർത്തനങ്ങൾ [illegible]
– ഗണിത മേളകളിൽ [illegible] പങ്കെടുക്കുന്നു.

**ജനുവരി:-**

– ഇരുവട്ട കണക്ക് (ജ്യാമിതി)
– അടിസ്ഥാന വസ്തു, പേന, പെൻസിൽ etc. ഇവയ്ക്ക് വില നൽകി കട നടത്തുന്നു
– ഇതിനോട് ഉപയോഗപ്പെടുത്തി ചോദ്യങ്ങൾ ചോദിക്കുന്നു.
– സാധനം വാങ്ങുകയും പണം കൊടുക്കുകയും ചെയ്യുകയും ചെയ്യുന്നു
– പ്രയാസങ്ങൾ അധ്യാപികയുടെ സഹായത്തോടെ പരിഹരിക്കുന്നു.

**ഫെബ്രുവരി:-**

– പ്രായോഗിക പ്രശ്ന പരിഹാരണം നടത്തുന്നു
– ത്രാസ്, അളവ് പാത്രങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനം

**മാർച്ച്:-**

– ഗണിത വിജ്ഞാന പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തൽ
– CPTA നടത്തുന്നു.
– മികവുകൾ, പരിചയപ്പെടുത്തുന്നു.
– അവതരിപ്പിക്കുന്നു

~ x ~ x ~ x ~ x ~

- ...ണ്ണൂറുള്ള സംഖ്യകൾ എഴുതുന്നു (10 കൂട്ടം)
- ഇവയെ ഈർക്കിലുകൾ ഉപയോഗിച്ച് 1, 10, 100, എന്ന കൂട്ടങ്ങളാക്കി മാറ്റുന്നു
- ഓരോ കാർഡും ...
- ഗ്രൂപ്പിൽ 12 ബോർഡിൽ ഒരു ... സംഖ്യ എഴുതാം (B.B) ബോർഡിൽ മാറി എഴുതുന്ന സംഖ്യകളുടെ വ്യത്യാസം

➔ ആഗസ്റ്റ് :-

- സംഖ്യകളെ അക്കങ്ങളിൽ പ്രദർശിപ്പിക്കുന്നു
- അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കുന്നു.
- 100 വീതം കൂട്ടി 1000 വരെ പറയുന്നു

➔ സെപ്റ്റംബർ :-

- സംഖ്യാ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു
- അവ തമ്മിലുള്ള സങ്കലനം, വ്യവകലനം എന്നിവ കണ്ടെത്തുന്നു.
- ക്രിയ ചെയ്യുന്നു.

ഒക്ടോബർ :-

- ഗണിത വിജയം കളികൾ (തുടർച്ച)
- അധ്യാപിക ബോർഡിൽ സംഖ്യ എഴുതുന്നു
- വിവിധ ക്രിയകൾ അടങ്ങിയ കാർഡുകൾ കുട്ടികൾക്ക് നൽകൽ.
- ക്രിയ ചെയ്ത് ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്തുന്നു.

...വംബർ :-

- വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു
- കുട്ടികൾക്ക് സംഖ്യാ കാർഡുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു
- കിട്ടിയ സംഖ്യ ചാർട്ടിൽ ക്രിയ നോക്കി ഉത്തരം കണ്ടെത്തി പറയുന്നു.

Standard : III 2024-2025

## ...നം:- മാസ്റ്റർ പ്ലാൻ

### ...മുഖം:-

- ഒന്ന്, രണ്ട് ക്ലാസിലെ അറിവുകൾ അടിസ്ഥാനമാക്കി വ്യക്തമായ ധാരണയോടും ശേഷികൾ കൈവരിച്ചുവരുമാണ് മൂന്നാം ക്ലാസിലെ കുട്ടികൾ എത്തിയിരിക്കുന്നത്. അവരിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങൾക്ക് തനിയെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടിയിരിക്കുന്നത്. ഗണിത വിഷയത്തിന് പ്രാധാന്യം നൽകുന്ന ഒരു പദ്ധതി രൂപകല്പന ചെയ്യേണ്ടതുണ്ട്. കുട്ടികളിൽ തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം കൊണ്ട് മുന്നണിയാക്കേണ്ടത് ആവശ്യമാണ്.

### ...ക്ഷ്യങ്ങൾ:-

- മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യ... എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.
- ഗണിത പഠനം ഉല്ലാസപ്രദവും രസകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷികൾ ഉറപ്പ്... ക്കുക.
- സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷികൾ ഉറപ്പ്...
- മുഴുവൻ കുട്ടികളെയും മികച്ച പ്രശ്ന പരിഹരണ ശേ...
യുള്ളവരാക്കി മാറ്റുക., ചതുഷ്ക്രിയകൾ ഉറപ്പിക്കുന്ന...

### ...വർത്തന പദ്ധതികൾ

**ജൂൺ** - ഗണിത വിജയം കളികൾ
- സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു (പ്രസ...
- കിട്ടിയ സംഖ്യ വായിക്കുന്നു.
- മറ്റുള്ളവർ സംഖ്യ എഴുതുന്നു
- തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാനവസര...
- ആരോഹണ, അവരോഹണ ക്രമത്തിൽ പറയുന്നു, എ...

**ജൂലായ്:-**
- ഇഷ്ടമുള്ള മൂന്നക്ക സംഖ്യ എഴുതുന്നു

- മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു
- പക്ഷി നിരീക്ഷണത്തിന് അവസരം
- പച്ചക്കറിത്തോട്ടത്തിൽ കിളികൾക്ക് ദാഹജലം സജ്ജീകരണം.

- സ്കൂൾ പച്ചക്കറിത്തോട്ട നിർമ്മാണം (പരിസ്ഥിതി ദിനം)
- പരിപാലനം
- വൃക്ഷത്തൈ നടൽ
- നട്ട വൃക്ഷത്തൈ പരിപാലിക്കൽ
- പരിസര മലിനീകരണം (ചർച്ച) വായു മലിനീകരണം, ജല മലിനീകരണം.
- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ

+ ആഗസ്റ്റ് – സെപ്തംബർ:

- ദിനകൃത്യങ്ങൾ
- ഓരോ ദിനവും ചെയ്യേണ്ട കൃത്യങ്ങൾ കൃത്യതയോടെ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.
- ദിവസ പരിശോധന - ചുമതലക്ക് ഗ്രൂപ്പുകളാക്കുന്നു
- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം
- വ്യക്തി ശുചിത്വം, ക്ലാസ് റൂം, പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു.
- നല്ല ശീലം പോസ്റ്ററുകൾ തയ്യാറാക്കുന്നു.
- പരിസരങ്ങളിൽ പതിക്കുന്നു.

ഒക്ടോബർ – ഡിസംബർ:

- ഫീൽഡ് ട്രിപ്പ്
- നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു (കുളം, വയൽ, പുഴ)
- പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കുന്നു
- പരിസരങ്ങളിൽ പതിക്കുന്നു.

ജനുവരി – മാർച്ച്

- ഞാൻ്റെ ആരോഗ്യം ഉയർത്തുന്ന പരിശീലനങ്ങളിൽ ഏർപ്പെടുന്നു.

Standard: II 2024-2025

## പരിസര പഠനം:- മാസ്റ്റർ പ്ലാൻ

ആമുഖം:-

- കുട്ടികളിൽ അന്തർലീനമായിരിക്കുന്ന
പ്രവർത്തനങ്ങളിൽ തന്നെയാണ് വ്യക്തിഗത
പരിസര പഠനവുമായി ബന്ധപ്പെട്ട് കൂടുതൽ സാധ്യത ഒരുക്കേണ്ടത്.
പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾക്ക്
പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ അവസരമൊരുക്കുന്ന
തിൽ ശാസ്ത്രീയ മനോഭാവം വളർത്തുന്നതിൽ ഏർപ്പെട്ട് കി
ടയാളമാണ്. സഹജീവി സ്നേഹം, അലിവ്, ജാഗ്രത, സഹി
ഷ്ണുത, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ
വളർത്തി കുട്ടികളെ ഉത്തമ പൗരൻമാരാക്കി മാറ്റുക.

ലക്ഷ്യം.

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തി എടുക്കുക
- കുട്ടികളെ വ്യക്തി ശുചിത്വം, പരിസര ശുചിത്വം ഉള്ളവരാക്കി മാറ്റുക
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും, താൽപര്യവും വളർത്തുക.
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലേർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക

പ്രവർത്തന പദ്ധതികൾ

ജൂൺ - ജൂലായ്

- പ്രീ ടെസ്റ്റ്
- അവലോകനം
- പ്രകൃതി നടത്തം (
- ചുറ്റുമുള്ള ജീവജാലങ്ങളെ നിരീക്ഷണം
- പ്രത്യേകതകൾ മനസിലാക്കൽ
- വിവിധ ആവാസ വ്യവസ്ഥകൾ തിരിച്ചറിയാം
- ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച

December and January.

- Develop the creative speaking and writing.

Reading skills

- Library books reading
- Conversations, skit stories use ICT
- Develop story
- Reads dairy

Writing skills

- Dairy
- Announcement

* February and March

- To improve the presentation power.

Reading skills

- Library books reading
- Conversations, skit stories
- Develop story.

Writing skills:-

- Dairy
- Descriptions
- Thoughts
- Exibition.

~ x ~ x ~ x ~ x ~ x ~ x ~

introductions. Picture reading sdp 5

August and september

- Develop the creative speaking and writing

Reading skills

- Books reading
- Find words
- Collect and read past tense
- Rhyming words
- T.B activities

Writing skills

- Make word web
- Picture description
- Word chain
- Make words & sentences
- Make riddles, conversations
- Add more lines.

October and November

→ To express thoughts, feelings etc....

...ading skills

- Library book reading
- Conversations, skit, stories, use ICT
- Read notice
- Develop story

...g skills

- Description
- Thoughts

Standard: III 2024-2025

English - Master plan

Aim:-

- To speak, Read & write English without any mistakes

Time:- June to March.

To check the vocabulary and writing skills of pupils.

Activities

June and July.

- Pre test
- To develop listening skills and reading skills.

Listening skills:-

- Games, Action songs.
- Hello English Activities
- conversations
- Skit stories, use ICT

Speaking skills:-

- Identify the naming words from the picture
- Identify the action words from the same picture.
- Make the simple sentences using the action word about the picture
- Make simple description about the picture

ജനുവരി:-

- അധ്യാപിക ആശയങ്ങളെ ഒരു ചാർട്ടിൽ പ്രദർശിപ്പിക്കുന്നു
- കുട്ടികൾക്ക് വായിക്കാനവസരം നൽകുന്നു.
- കഥയിലെ കഥാപാത്രങ്ങൾ പരിചയിക്കുന്നു
- ചെറിയ ചെറിയ വാക്യങ്ങൾ ഉപയോഗിച്ച് ഒരു പ്രബന്ധം നിർമ്മിക്കുന്നു.

◆ ഫെബ്രുവരി:-

- കഥാ ചിത്രങ്ങൾ ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കാണിക്കുന്നു.
- ചിത്രങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾ കഥ എഴുതുന്നു.
- കഥാ പതിപ്പ് തയ്യാറാക്കുന്നു.

◆ മാർച്ച്:-

- CPTA നടത്തുന്നു.
- വായനയിലും, എഴുത്തിലും കുട്ടികളുടെ നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- മികവുകൾ പരിചയപ്പെടുത്തുന്നു.
- അവതരിപ്പിക്കുന്നു.

- ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കഥ കേൾക്കാനും, കാണാനും പുനരവതരണത്തിനുമുള്ള അവസരം നൽകുന്നു.
- കഥയിലെ ഇഷ്ടപ്പെട്ട വാക്യങ്ങൾ പറയുന്നു. എഴുതുന്നു
- വാക്യങ്ങൾ നിർമ്മിക്കുന്നു.

* സെപ്തംബർ :-

- കഥ അവതരിപ്പിക്കുന്നു.
- ചോദ്യങ്ങൾ - ഉത്തരങ്ങൾ കണ്ടെത്തുന്നു
- കഥയിലെ കഥാപാത്രങ്ങളുടെ ചിത്രം വരയ്ക്കുന്നു. പേര് എഴുതുന്നു.

* ഒക്ടോബർ :-

- വളരുന്ന വാക്യങ്ങൾ രൂപപ്പെടുത്തൽ
- ചിത്രം നോക്കി പേര് എഴുതൽ
- "മല, വലിയ മല, മരങ്ങളുള്ള വലിയ മല"
- ഇത് പോലെയുള്ള മറ്റ് വാക്യങ്ങൾ സ്വയം കണ്ടെത്തി എഴുതൽ.

* നവംബർ :-

- ചിഹ്നങ്ങൾ ഉറപ്പിക്കൽ
- ICT - ചിത്രം കാണിക്കുന്നു. വാക്യങ്ങൾ എഴുതൽ
- പരിചിതമായ വാക്യങ്ങൾ, ചിഹ്നങ്ങൾ ഇല്ലാതെ നൽകൽ
- ഉചിതമായ ചിഹ്നങ്ങൾ ചേർക്കാനവസരം നൽകുന്നു

ഡിസംബർ :-

- ലളിതമായ വായനാകാർഡുകൾ അധ്യാപികയുടെ സഹായത്തോടെ വായിക്കൽ
- സ്വയം വായിക്കാനുള്ള അവസരം നൽകൽ

മാസ്റ്റർ പ്ലാൻ 3

Standard:- III 2024-2025

മലയാളം: മാസ്റ്റർ പ്ലാൻ

ആമുഖം:-

കുട്ടികളുടെ സമഗ്ര വികസനമാണ് വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമിടുന്നത്. കുട്ടികളുടെ ശേഷികളെയും, കഴിവുകളെയും വൈജ്ഞാനികവുമായ മേഖലകൾ തൊട്ടറിയുന്നതിന് ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ അടുത്ത മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതകളുമുള്ള പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്.

ലക്ഷ്യം:-

+ ക്ലാസിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കാനും എഴുതുവാനും പഠിപ്പിക്കൽ (ഭാഷാപരമായ വികാസത്തിനാവശ്യമായ പരിശീലനങ്ങൾ)

പ്രവർത്തന പദ്ധതികൾ:-

+ ജൂൺ

- വിജയ സ്പർശം (
- പ്രീ ടെസ്റ്റ് നടത്തുന്നു. (2.6.2023)
- അവലോകനം നടത്തൽ
- വിവിധ നിലവാരക്കാരെ കണ്ടെത്തുന്നു.
+ സി.പി.ടി.എ. മീറ്റിംഗ് നടത്തുന്നു.

ജൂലായ്

- ചിത്രം വീഡിയോ കാണിക്കുന്നു.
- വീഡിയോയിൽ കണ്ട കാര്യങ്ങൾ പറയിപ്പിക്കുന്നു
- ഓരോന്നിന്റെയും പേരുകൾ പറയുന്നു. എഴുതുന്നു (പദസൂര്യൻ)
- മറ്റ് പദങ്ങൾ കണ്ടെത്തി എഴുതുന്നു.

# GUPS VETTECODE

## അക്കാദമിക മാസ്റ്റർ  പ്ലാൻ

ക്ലാസ് - 4

## ആമുഖം:

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ/പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2022-23 അധ്യയന വർഷത്തിൽ നാലാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നല്കി അവരുടെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കിയിരിക്കുന്നു. കോവിഡാനന്തരം കുട്ടികളിൽ ഉള്ള വൈകാരിക-സാമൂഹിക-വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻ നിരയിൽ എത്തിക്കുക, പഠന വിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠനപ്രവർത്തനങ്ങൾ ശിശു സൌഹാർദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# മലയാളം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| അക്ഷര സ്ഫുടതയോടെയും ഒഴുക്കോടെയും ആശയവ്യക്തതയോടെയും ഉള്ള വായന | **വായിക്കാം, എഴുതാം , വായിക്കാം.** | ❖ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന.<br>❖ നിശബ്ദ വായന.<br>❖ വായനാ കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതൽ.<br>❖ നിശബ്ദ വായന.<br>❖ ഉച്ചത്തിൽ വായന<br>❖ വായനാകാർഡ് നൽകുന്നു. | 2 ആഴ്ച |
| | **വായിക്കാം, എഴുതാം , വായിക്കാം.**<br><br>**തുടർപ്രവർത്തനം** | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ വായനാ കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതൽ.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | 2 ആഴ്ച |
| | **ആശയം പറയാം** | ❖ കുട്ടിക്ക് കഥ പുസ്തകം/വായനാ കാർഡ് നൽകുന്നു.<br>❖ നിശബ്ദ വായന.<br>❖ വായിച്ചറിഞ്ഞ ആശയം പറയൽ.<br>❖ ആവശ്യമെങ്കിൽ ആവർത്തനവായന.<br>❖ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന. | ജൂൺ |
| | **ആശയം പറയാം**<br><br>തുടർപ്രവർത്തനം | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ വായിച്ചറിഞ്ഞ ആശയം രക്ഷിതാവിന് പറഞ്ഞുകൊടുക്കുന്നു. | ജൂൺ |

| | | | |
|---|---|---|---|
| | | | |
| | വായിക്കാം കൂട്ടുകാരെ | ❖ കുട്ടിക്ക് വായനാകാർഡ് നൽകുന്നു.<br>❖ നിശബ്ദ വായന<br>❖ ഉച്ചത്തിൽ വായന<br>❖ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന. | ജൂൺ -ജൂലൈ |
| | വായിക്കാം കൂട്ടുകാരെ തുടർപ്രവർത്തനം | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | ജൂൺ -ജൂലൈ |
| | വായിക്കാം.. അഭിപ്രായം പറയാം | ❖ കുട്ടികൾക്ക് കഥ കാർഡ് നല്കുന്നു.<br>❖ വായിച്ച് അവതരിപ്പിക്കാൻ അവസരം നല്കുന്നു.<br>❖ കഥാപാത്രങ്ങളെ കുറിച്ചും കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നല്കുന്നു. | ജൂൺ – ഓഗസ്റ്റ് |
| | ക്ലാസ് റൂം ലൈബ്രറി | ❖ ക്ലാസ് റൂം ലൈബ്രറി ഒരുക്കുന്നു.<br>❖ ലൈബ്രേറിയൻ ആയി കുട്ടികളെ തന്നെ തെരഞ്ഞെടുക്കുന്നു.<br>❖ പുസ്തക വിതരണം<br>❖ വായന, വായനനുഭവം പങ്കുവെയ്ക്കൽ | ജൂൺ – ഒക്ടോബർ |
| കവിത, കഥ എന്നിവ കേട്ടു സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | കഥ കാണാം, എഴുതാം | ❖ **കുട്ടിക്ക് ICT ഉപയോഗിച്ച് കഥ കാണാൻ അവസരം.**<br>❖ **കുട്ടി കണ്ട കഥ സ്വയം എഴുതാൻ അവസരം.**<br>❖ കഥ സ്വയം എഴുതൽ.<br>❖ അധ്യാപികയുടെ ഇടപെടൽ.<br>❖ മെച്ചപ്പെടുത്തി എഴുതൽ. | 2 ആഴ്ച |

| | | | |
|---|---|---|---|
| | കഥ കാണാം, എഴുതാം<br>തുടർപ്രവർത്തനം | ❖ രക്ഷിതാവിന് കുട്ടി എഴുതിയ കഥ വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | 2 ആഴ്ച |
| | ചിത്രത്തിലെന്തെല്ലാം | കുട്ടിക്ക് ചിത്രം  നിരീക്ഷിക്കാൻ അവസരം നൽകുന്നു. കണ്ട ചിത്രം നിരീക്ഷിച്ച് കുട്ടി വിവരണം എഴുതുന്നു.<br>❖ ചിത്രത്തിൽ എന്തെല്ലാമെന്ന് പറയാൻ അവസരം.<br>❖ വിവരണം എഴുതൽ.<br>❖ അധ്യാപികയുടെ ഇടപെടൽ.<br>❖ രചന മെച്ചപ്പെടുത്തൽ. | 2 ആഴ്ച |
| | എന്തെല്ലാം കാഴ്ചകൾ | ❖ കുട്ടിക്ക് രക്ഷിതാവിന്റെ സഹായത്തോടെ തന്റെ പരിസരം നിരീക്ഷിച്ച് ഒരു കുറിപ്പ് കുറിപ്പെഴുതാൻ അവസരം.<br>❖ എഴുതിയ കുറിപ്പ് വായിക്കുന്ന ഓഡിയോ/വീഡിയോ അയക്കുന്നു. | 2 ആഴ്ച |
| | കവിത പൂർത്തിയാക്കാം<br>പാടി അവതരിപ്പിക്കാം | ❖ **കവിത പൂർത്തിയാക്കാൻ അവസരം.**<br>❖ **കവിതയ്ക്ക് ഈണം കണ്ടെത്തി പാടുന്നു.**<br>❖ **കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നു.**<br>**eg :**<br>**വീട്ടുപുസ്തക പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?**<br>**വീട്ടുപുസ്തക പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?**<br>**വാർത്തയെന്തുണ്ട്?**<br>**നാട്ടുമാവ് പൂത്തുലഞ്ഞ വാർത്തയുണ്ടല്ലോ**<br>**വീട്ടുപുസ്തക പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?**<br>**വാർത്തയെന്തുണ്ട്?"**<br>**മാഞ്ചുവട്ടിൽ മാങ്ങവീണ വാർത്തയുണ്ടല്ലോ** | ജൂൺ – സെപ്റ്റംബർ |
